പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 296** **02.03.2020 - ൽ മറുപടിക്ക്.**

## പൊതുവിതരണ സമ്പ്രദായത്തിന്റെ നവീകരണം

ചോദ്യം

**ശ്രീ.രാജു എബ്രഹാം**
**,, എസ്.രാജേന്ദ്രൻ**
**,, കാരാട്ട് റസാഖ്**
**,, പി.വി. അൻവർ :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.

റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു.

മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതു

വരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതല ഉള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഇതിനു പുറമെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധന സംവിധാനം റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ തലം വരെ ഉണ്ട്. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘവും പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നു.

**(ബി)** പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് റേഷൻ സാധനങ്ങൾ വാങ്ങുന്നത് എളുപ്പമാക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് പ്രാവർത്തികമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

**(ബി)** ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഉണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട". പ്രസ്തുത പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, ചാലക്കുടി താലൂക്കുകളിലെ ആദിവാസി ഊരുകളിലും പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ അട്ടത്തോട്, ചാലക്കയം, വേലംപുറവ്, ഒഴിക്കല്ല്, കാട്ടാത്തി, കോട്ടാംപാറ എന്നീ കോളനികളിലും റേഷൻ വിതരണം നടത്തിവരുന്നു. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ വാരിയം, തേര,

ഉറിയംപെട്ടി, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭൂദാനം, മാനന്തവാടി താലൂക്കിലെ ചുരുളി കോളനികളിലും സഞ്ചരിക്കുന്ന റേഷൻകട ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ ആനവായ് എന്ന ആദിവാസി ഊരിലും ഇടുക്കി ജില്ലയിലെ പതിപ്പള്ളി, മേമുടം, കപ്പക്കാനം, ഉറുമ്പുളള് എന്നീ ആദിവാസി മേഖലകളിലും ടി പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കോട്ടൂർ, മണ്ണാംകോണം എന്ന സ്ഥലത്ത് 27.02.2020 ന് ടി പദ്ധതി ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി ഊരുകളിൽ റേഷൻ വിതരണം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(സി)** ഗുണഭോക്താക്കൾക്ക് മറ്റൊരു സംസ്ഥാനത്തു നിന്നും അവർക്ക് അർഹമായ റേഷൻ സാധനങ്ങൾ വാങ്ങുന്നത് സാധ്യമാക്കുന്നതിന് ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി വിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**(സി)** ഉണ്ട്. ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (IMPDS) എന്ന പദ്ധതി 2020 ജനുവരി 1 മുതൽ കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിൽ നിലവിൽ വന്നതിന്റെ ഭാഗമായി ഈ സംസ്ഥാനങ്ങളിലെ എ.എ.വൈ/മുൻഗണനാ കാർഡിലെ അംഗങ്ങൾക്ക് നിലവിൽ ഈ 12 സംസ്ഥാനങ്ങളിൽ നിന്നും ഭാവിയിൽ രാജ്യത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കും. കേരളത്തിനു പുറമേ ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കർണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നിലവിൽ ഇന്റർ-സ്റ്റേറ്റ് പോർട്ടബിലിറ്റി ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും തിരിച്ചറിയാവുന്ന വിധം പ്രത്യേക റേഷൻ കാർഡ് നമ്പർ ഓരോരുത്തർക്കും ലഭിക്കും. തൊഴിൽ സംബന്ധമായും മറ്റും ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്നവർക്ക് ഈ പദ്ധതി സഹായകരമാണ്. സംസ്ഥാനത്തെ മൊബൈൽ നമ്പർ ലഭ്യമായ എല്ലാ കാർഡുടമകൾക്കും ഇതു സംബന്ധിച്ച എസ്.എം.എസ് സന്ദേശം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**